# കേരളസർവകലാശാല

നം.പി.ആർ.183/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ഹെൽപ്പ് ഡെസ്കിന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തണം

കേരള സർവകലാശാല കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സന്ദർശന നിയന്ത്രണം ഏർപ്പെടുത്തിയ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് സർവകലാശാല സേവനങ്ങൾ തടസ്സം വരാതിരിക്കാനായി അതതു പരീക്ഷാവിഭാഗങ്ങളുമായി രാവിലെ 10.30 മുതൽ വൈകിട്ട് 5.00 മണി വരെ താഴെക്കാണുന്ന ഫോൺ നമ്പറുകളിലും, ഇ–മെയിൽ വിലാസങ്ങളിലും ബന്ധപ്പെടാവുന്നതാണ്. ഫോൺ – ഹെൽപ്പ്ഡെസ്ക്: 9188526674, 9188526670, ഇ–മെയിൽ വിലാസം – examhelpdesk1@keralauniversity.ac.in, examhelpdesk2@keralauniversity.ac.in

മറ്റ് സേവനങ്ങൾക്ക് സി.ബി.സി.എസ്.എസ്. (ഡെപ്യൂട്ടി രജിസ്ട്രാർ ) - 0471–2386104, ബി.കോം (അസിസ്റ്റന്റ് രജിസ്ട്രാർ) – 2386389, ബി.എസ്.സി. (അസിസ്റ്റന്റ് രജിസ്ട്രാർ) – 2386256, ബി.എ. (അസിസ്റ്റന്റ് രജിസ്ട്രാർ) – 2386424, ബി.എ.സെക്ഷൻ–2386390, 2386351, ബി.എ, ബി.എസ്.സി ആന്വൽ (അസിസ്റ്റന്റ് രജിസ്ട്രാർ)–2386254 ബി.കോം.ആന്വൽ സെക്ഷൻ – 2386473, ബി.ടെക് (പഴയ സ്കീം) – 2386257, ബി.എ. ആന്വൽ (ഇ.ഡി I) സെക്ഷൻ – 2386350, 2386436, ആന്വൽ സ്കീം – 2386438, 2386433, റീവാല്യുവേഷൻ സെക്ഷൻ – ബി.എസ്.സി./ബി.കോം–2386457, ബി.എ–2386346, ഇ.ജെ.III–2386243, എം.ബി.എ.–2386352

വിദ്യാർത്ഥികൾ പരമാവധി ഓൺലൈൻ സേവനങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണെന്ന് പരീക്ഷാകൺട്രോളർ അറിയിച്ചു.

### പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.ടെക്. (2008 സ്കീം) ഫെബ്രുവരി 2020 (സപ്ലിമെന്ററി) പരീക്ഷയുടെ സിവിൽ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചുകളുടെ പ്രാക്ടിക്കൽ സർവേയിംഗ് I, സിവിൽ എഞ്ചിനീയറിംഗ് ലാബ് എന്നീ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ്, കൊല്ലത്തു വച്ചും കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരത്ത് വച്ചും സെപ്റ്റംബർ 30 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ആറാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ “ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് ലാബ്”, “കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ ആന്റ് ഡ്രാഫ്റ്റിംഗ്” (സി.എ.ഡി.സി.) ലാബ് എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 25 മുതൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, (തിരുവനന്തപുരം) വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

അഞ്ചാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചിന്റെ “ഡിജിറ്റൽ സർക്യൂട്ട്സ് ലാബ്”, “ഡേറ്റാബേസ് ലാബ്”, എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 28, 29 തീയതികളിൽ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്,

കാര്യവട്ടം (തിരുവനന്തപുരം ജില്ല) വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എൽ.എൻ.സി.പി.ഇ - വിവിധ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

കാര്യവട്ടം എൽ.എൻ.സി.പി.യിൽ 2020–21 അദ്ധ്യയന വർഷത്തേക്കുളള ബി.പി.എഡ്, എം.പി.ഇ., പി.ജി.ഡി.എച്ച്.എഫ്.എം. എന്നീ കോഴ്സുകൾക്കുളള പ്രവേശനത്തിനുളള അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 11. വിശദവിവരങ്ങളടങ്ങിയ വിജ്ഞാപനം വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

ഒൻപതാം സെമസ്റ്റർ ബി.ആർക്ക് സപ്ലിമെന്ററി (2013 സ്കീം) പരീക്ഷയുടെ രജിസ്ട്രേഷൻ സെപ്റ്റംബർ 24 ന് ആരംഭിക്കുന്നതാണ്. പിഴകൂടാതെ ഒക്ടോബർ 3 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 7 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 9 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 നവംബർ 18 മുതൽ നടത്തുന്ന എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി., നവംബർ 20 മുതൽ നടത്തുന്ന എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി. പരീക്ഷകൾക്ക് ഓൺലൈനായി സെപ്റ്റംബർ 22 മുതൽ അപേക്ഷിക്കാം. പിഴകൂടാതെ ഒക്ടോബർ 5 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 8 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 12 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**23.09.2020**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**